# Mathrubhumi

## 22 August 2018

## Thiruvananthapuram, After Flood, Rebuild Kerala, Consortium of Banks

# പുനർനിർമാണത്തിന് ബാങ്കുകളുടെ കൺസോർഷ്യത്തെ സമീപിക്കാൻ നിർദേശം

**തിരുവനന്തപുരം** ▸ പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിന്റെ പുനർനിർമാണത്തിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപവത്കരിച്ച് പണം സമാഹരിക്കാമെന്ന് നിർദേശം. ഇതിനായി ഏതെങ്കിലും ധനകാര്യസ്ഥാപനത്തെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തി 5,000 കോടി രൂപ സോഫ്റ്റ് ലോണായി സമാഹരിക്കണം. വായ്പകൾക്ക് അഞ്ചുവർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കാമെന്ന് മുഖ്യമന്ത്രി വിളിച്ച മുൻ ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ നിർദേശം ഉയർന്നു.

* ശുചീകരണത്തിനായി മനുഷ്യവിഭവശേഷിയും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തണം. തദ്ദേശസ്ഥാപനങ്ങളെ ഇതിനായി തയ്യാറാക്കണം. വേസ്റ്റ് മാനേജ്മെന്റ് വിഷയത്തിൽ അടിയന്തരമായി നേതൃപരമായ ഒരു തീരുമാനം ഉണ്ടാകണം.

* നിർമാണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എംപവേഡ് കാബിനറ്റ് കമ്മിറ്റി രൂപവത്കരിക്കണം. മൂന്നോനാലോ മന്ത്രിമാരുടെ തീരുമാനം കാബിനറ്റിന്റെ മുഴുവൻ തീരുമാനമായി നടപ്പാക്കുന്നതിന് ഈ കമ്മിറ്റിക്ക് കഴിയണം.

* പ്രളയ പ്രതിരോധസംവിധാനങ്ങൾ സംബന്ധിച്ച് ടെക്നിക്കൽ സർവകലാശാല, എൻ.ഐ.ടി., ഐ.ഐ.ടി., എന്നിവരുടെ നേതൃത്വത്തിൽ പഠനം നടത്തണം.

* പുനർനിർമാണ പ്രക്രിയകൾക്ക് കോർപറേറ്റുകളുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ ഉപയോഗപ്പെടുത്താം. കൂടുതൽ ഫണ്ട് കണ്ടെത്തുന്നതിന് റിഹാബിലിറ്റേഷൻ സെസ് പിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം

* പരമ്പരാഗതരീതിയിലുള്ള പുനർനിർമാണ പ്രവർത്തനം പ്രായോഗികമല്ല.

ഗവേഷണം, ആസൂത്രണം, നിർവഹണം എന്നിവ ഒരേസമയം നടപ്പാക്കാൻ കഴിയണം. ഹ്രസ്വകാല, ദീർഘകാല പ്രവർത്തനങ്ങൾ സ്വീകരിക്കണം.

പുനർനിർമാണ പ്രക്രിയകൾ ആവശ്യമുള്ള ഗുണഭോക്താക്കളെയും സേവനദാതാക്കളെയും സ്പോൺസർ ചെയ്യാൻ താത്പര്യമുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു ഓൺലൈൻ പോർട്ടൽ സർക്കാർതലത്തിൽ തുടങ്ങാം. പുനർനിർമാണ ഫണ്ട് രൂപവത്കരിക്കണം.

മന്ത്രിമാരായ ഡോ. ടി.എം. തോമസ് ഐസക്, ഇ. ചന്ദ്രശേഖരൻ, ഇ.പി. ജയരാജൻ, മൻമോഹൻസിങ്ങിന്റെ കാലത്തു പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ടി. കെ.എ. നായർ, മുൻ ചീഫ് സെക്രട്ടറിമാരായ സി.പി. നായർ, ഡി. ബാബു പോൾ, കെ.എം. ചന്ദ്രശേഖരൻ, കെ. ജയകുമാർ, ജോൺ മത്തായി, കെ.എം. എബ്രഹാം, ജിജി തോംസൺ, നളിനി നെറ്റോ, ചീഫ് സെക്രട്ടറി ടോം ജോസ്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്. സെന്തിൽ, ഐ.ടി. സെക്രട്ടറി എം. ശിവശങ്കർ തുടങ്ങിയവർ പങ്കെടുത്തു.